2026
OCTOBER
31
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

രണ്ടാം പാദത്തിൽ ഇന്ത്യ 7.35 ശതമാനം വളർച്ച കൈവരിക്കുമെന്ന് ധനമന്ത്രാലയം

ന്യൂദൽഹി: നടപ്പ് 2026-27 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ രാജ്യം 7.35 ശതമാനം ജിഡിപി വളർച്ച നേടുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം.

കഴിഞ്ഞ ദിവസം പുറത്തിറക്കിയ പ്രതിമാസ സാമ്പത്തിക അവലോകന റിപ്പോർട്ടിലാണ് മന്ത്രാലയം വളർച്ചാ അനുമാനം വ്യക്തമാക്കിയത്. വ്യാവസായിക ഉത്പാദനം, ഊർജ ഉപഭോഗം, തുറമുഖങ്ങളിലെ ചരക്കുനീക്കം, ജിഎസ്ടി വരുമാനം, വാഹന വിൽപന എന്നിവയിലെ മികച്ച മുന്നേറ്റമാണ് രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തമായി നിലനിർത്തുന്നത്.

ഒന്നാം പാദത്തിൽ രാജ്യം 7.8 ശതമാനം യഥാർഥ ജിഡിപി വളർച്ച കൈവരിച്ചിരുന്നു. അന്താരാഷ്ട്ര നാണയനിധി (ഐഎംഎഫ്) നടപ്പ് സാമ്പത്തികവർഷത്തിൽ ഇന്ത്യയുടെ വളർച്ചാനിരക്ക് ഏഴു ശതമാനമായി ഉയർത്തിയപ്പോൾ, ലോകബാങ്ക്, ഒഇസിഡി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവർ 7.1 ശതമാനം വളർച്ചയാണ് പ്രവചിച്ചിരിക്കുന്നത്. ഇവരുടെ അനുമാനങ്ങളേക്കാൾ ഉയർന്ന നിലവാരത്തിലാണ് ധനമന്ത്രാലയത്തിന്റെ ഏറ്റവും പുതിയ കണക്കുകൂട്ടലുകൾ.

അതേസമയം, പശ്ചിമേഷ്യൻ പ്രതിസന്ധിയും ആഗോള എഐ നിക്ഷേപങ്ങളിലുണ്ടാകുന്ന മാന്ദ്യവും സമ്പദ് വ്യവസ്ഥയ്ക്കു വെല്ലുവിളി ഉയർത്തുന്നുണ്ട്.

സംഘർഷങ്ങളെത്തുടർന്ന് 2026 കലണ്ടർ വർഷത്തിലെ ആഗോള പണപ്പെരുപ്പ അനുമാനം നേരത്തേ കണക്കാക്കിയിരുന്ന 3.7 ശതമാനത്തിൽനിന്ന് 4.7 ശതമാനമായി ഉയർന്നു. ക്രൂഡ് ഓയിൽ വിലവർധനയും ചരക്കുനീക്ക തടസങ്ങളും ആഗോള വ്യാപാരത്തെ പ്രതികൂലമായി ബാധിച്ചേക്കാം.

സൈബർ തട്ടിപ്പുകളിൽ ചെറുകിട ധനകാര്യ സ്ഥാപനങ്ങൾക്ക് 300 കോടി രൂപ നഷ്ടമായതായി റിപ്പോർട്ട്

മുംബൈ: രാജ്യത്തെ ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കു നേരെ നടന്ന സൈബർ തട്ടിപ്പുകളിലൂടെ കഴിഞ്ഞ രണ്ടു മാസത്തിനിടെ ഏകദേശം 300 കോടി രൂപ തട്ടിയെടുക്കപ്പെട്ടതായി റിപ്പോർട്ട്. ചെറുകിട വായ്പാ സ്ഥാപനങ്ങളെയാണ് പ്രധാനമായും തട്ടിപ്പുകാർ ലക്ഷ്യമിട്ടത്. സംഭവങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 150 ഓളം പരാതികളും എഫ്ഐആറുകളും രജിസ്റ്റർ ചെയ്തതായാണ് വിവരം.

കഴിഞ്ഞ ആറാഴ്ചയ്ക്കിടെ ഇത്തരം സൈബർ ആക്രമണങ്ങൾ വർധിച്ചതായാണ് റിപ്പോർട്ട്. ചില എൻബിഎഫ്സികൾ ഒന്നിലധികം തവണ ആക്രമണത്തിനിരയായി. ദില്ലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ധനകാര്യ സ്ഥാപനത്തിന് ആദ്യ ആക്രമണത്തിൽ 7.5 കോടി രൂപ നഷ്ടപ്പെട്ടതായും ദിവസങ്ങൾക്ക് ശേഷം നടന്ന മറ്റൊരു തട്ടിപ്പിൽ 7.25 കോടി രൂപ കൂടി നഷ്ടമായതായും റിപ്പോർട്ടിൽ പറയുന്നു. വാർഷിക ഇടപാടുകൾ ഏകദേശം 1,000 കോടി രൂപയോ അതിൽ താഴെയോ ഉള്ള ചെറുകിട എൻബിഎഫ്സികളെയാണ് തട്ടിപ്പുകൾ കൂടുതലായി ബാധിച്ചത്. ഇവയുടെ സൈബർ സുരക്ഷാ സംവിധാനങ്ങളിലെ പോരായ്മകൾ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയതായും റിപ്പോർട്ടിലുണ്ട്. പരാതികളിൽ ഏകദേശം 30 എണ്ണം മുംബൈയിലും 25ലധികം ഡൽഹിയിലും 15 മുതൽ 16 വരെ ചെന്നൈയിലുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മറ്റു നഗരങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ആക്രമണം നടത്തുന്നതിനു മുൻപ് ലക്ഷ്യമിടുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പണമിടപാട് സംവിധാനങ്ങളെക്കുറിച്ച് വിശദമായി പഠിക്കുകയാണ് തട്ടിപ്പുകാർ ചെയ്യുന്നതെന്ന് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് റിപ്പോർട്ട് ചെയ്യുന്നു.സാധാരണയായി 10 മുതൽ 12 ദിവസം വരെ സ്ഥാപനങ്ങളുടെ പണമിടപാട് നടപടിക്രമങ്ങൾ, അംഗീകൃത സിസ്റ്റം ഐഡന്റിഫയറുകൾ, സോഫ്റ്റ്വെയറുകളിലെ സുരക്ഷാ വീഴ്ചകൾ എന്നിവ പരിശോധിക്കും. തുടർന്ന് ഈ ദൗർബല്യങ്ങൾ പ്രയോജനപ്പെടുത്തി പണം മറ്റിടങ്ങളിലേക്ക് മാറ്റാനാണ് ശ്രമം. പൂർത്തിയായ ചില അന്വേഷണങ്ങളിൽ സൈബർസ്ട്രൈക്ക് എന്ന ഹാക്കിങ് പ്ലാറ്റ്ഫോമിന്റെ ഉപയോഗം കണ്ടെത്തിയിട്ടുണ്ട്. മറ്റു സംഭവങ്ങളിൽ അന്വേഷണം തുടരുകയാണ്. ധനകാര്യ സ്ഥാപനങ്ങളുടെ പണമിടപാട് സംവിധാനങ്ങൾ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ വർധിക്കുന്നതിനെക്കുറിച്ച് രാജ്യത്തെ സൈബർ സുരക്ഷാ ഏജൻസികളും നേരത്തേ മുന്നറിയിപ്പ് നൽകിയിരുന്നു. ആക്രമണങ്ങൾ സംബന്ധിച്ച അന്വേഷണം തുടരുന്നതിനിടെ, ബാധിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ സൈബർ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് ബന്ധപ്പെട്ട ഏജൻസികൾ നിർദേശിച്ചതായും റിപ്പോർട്ട് ചെയ്യുന്നു.

നവംബർ മുതൽ ഓൺലൈൻ വ്യാപാരികൾക്ക് ഓഫിസുകളില്ലാതെ പുതിയ സംസ്ഥാനങ്ങളിലേക്ക് ബിസിനസ് വിപുലീകരിക്കാം

ന്യൂദൽഹി: നവംബർ 1 മുതൽ നിലവിൽ വരുന്ന പുതിയ ജി.എസ്.ടി രജിസ്ട്രേഷൻ മാർഗരേഖ പ്രകാരം, ചെറുകിട ഓൺലൈൻ വ്യാപാരികൾക്ക് സ്വന്തമായി ഓഫിസുകളോ ബിസിനസ് സ്ഥാപനങ്ങളോ ഇല്ലാത്ത സംസ്ഥാനങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാം. ഇതിനായി ഇകോമേഴ്സ് പ്ലാറ്റ്ഫോമുകളുടെ വെയർഹൗസുകൾ പ്രാദേശിക കേന്ദ്രമായി ഉപയോഗിക്കാൻ സാധിക്കും.

ബുധനാഴ്ച പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിലൂടെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ്, സ്ക്രാപ്പ് വാങ്ങൽ, ഹോസ്പിറ്റാലിറ്റി സേവനങ്ങൾ, രാസവളങ്ങൾ, റീട്രെഡ് ചെയ്ത ടയറുകൾ എന്നിവയുടെ നികുതി വ്യവസ്ഥകളിൽ ഭേദഗതി വരുത്തുകയും, കയറ്റുമതിക്കാർക്ക് റീഫണ്ട് ലഭിക്കുന്നത് എളുപ്പമാക്കുകയും, ജനുവരി മുതൽ ഇഇൻവോയിസിങ് പരിധി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇകോമേഴ്സ് പ്ലാറ്റ്ഫോമുകൾ വഴി വിൽപന നടത്തുന്ന ചെറുകിട നിർമാതാക്കൾക്കും വ്യാപാരികൾക്കും ചെലവ് കുറയ്ക്കുന്നതിനും, രാജ്യവ്യാപകമായി ഉപഭോക്താക്കളിലേക്ക് എത്തുന്ന വ്യാപാരികളെ പ്ലാറ്റ്ഫോമുകളിൽ എളുപ്പത്തിൽ ഉൾപ്പെടുത്തുന്നതിനുമായി 57ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിൽ എടുത്ത തീരുമാനത്തെ തുടർന്നാണ് ജിഎസ്.ടി രജിസ്ട്രേഷൻ നിയമങ്ങൾ ലളിതമാക്കിയത്.

ഈ സൗകര്യം വഴി സ്വന്തം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ വ്യാപാരികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേക ഓഫിസ് സജ്ജീകരിക്കാതെ തന്നെ, ഇകോമേഴ്സ് വെയർഹൗസുകൾ ഉപയോഗിച്ച് 'ടാക്സ് കളക്ടഡ് അറ്റ് സോഴ്സ്' അടിസ്ഥാനത്തിൽ വ്യാപാരം നടത്താം.

ഇകോമേഴ്സ് ഓപ്പറേറ്ററുടെ സമ്മതം, നിശ്ചിത പരിശോധനാ നടപടിക്രമങ്ങൾ, പ്രതിമാസ ഔട്ട്പുട്ട് ടാക്സ് ബാധ്യതയുടെ പരിധി പരമാവധി 2.5 ലക്ഷം രൂപ ആയിരിക്കണം എന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾക്ക് വിധേയമായാണ് ഈ ആനുകൂല്യം ലഭിക്കുക.

ഒരേ പാൻ കാർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് നൽകുന്ന വിതരണങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

പുതിയ രജിസ്ട്രേഷൻ രീതി വ്യാപാരികളെ മറ്റ് ജി.എസ്.ടിയിൽ നിന്നോ ഇൻവോയിസിങ്, റിട്ടേൺ ഫയലിങ്, നികുതി അടയ്ക്കൽ എന്നിവയിൽ നിന്നോ ഒഴിവാക്കുന്നില്ല.

വനിതാ നയ സമ്മിറ്റ് നവംബർ രണ്ട്, മൂന്ന് തീയതികളിൽ

തിരുവനന്തപുരം: ബജറ്റിൽ പ്രഖ്യാപിച്ച 'മകൾക്കൊപ്പം; പദ്ധതിയുടെ ഭാഗമായി 'പുതുയുഗ വനിതാ നയം ഹെർ സമ്മിറ്റ് 2026' എന്ന പേരിൽ വനിതാ നയ സമ്മിറ്റ് നവംബർ രണ്ട്, മൂന്ന് തീയതികളിൽ തിരുവനന്തപുരം ഹൈസിന്ത് ഹോട്ടലിൽ സംഘടിപ്പിക്കുമെന്ന് വനിതാശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. സർക്കാരിന്റെ പുതുയുഗ വനിതാനയം മാർച്ച് എട്ടിന് പ്രഖ്യാപിക്കാനാണ് ലക്ഷ്യമെന്നും പിആർ ചേംബറിൽ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു. സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ശാക്തീകരണം ഉറപ്പാക്കി സമത്വാധിഷ്ഠിതവും സുരക്ഷിതവും പുരോഗമനപരവുമായ കേരളം സൃഷ്ടിക്കുകയാണ് വനിതാനയത്തിന്റെ ലക്ഷ്യം. നിലവിലെ നയങ്ങളും അവയുടെ നിർവഹണവും വിലയിരുത്തി കാലോചിതമായ പരിഷ്കാരങ്ങൾക്കും ഇടപെടലുകൾക്കുമുള്ള നിർദേശങ്ങൾ രൂപപ്പെടുത്തും.

തൊഴിൽ സാമ്പത്തിക ശാക്തീകരണവും സംരംഭകത്വവും, രാഷ്ട്രീയ പ്രാതിനിധ്യവും നേതൃത്വവും, വിദ്യാഭ്യാസംആരോഗ്യംമാനസികക്ഷേമം, സ്ത്രീ സുരക്ഷയും നീതിന്യായവും, സൈബർ സുരക്ഷ എന്നിവയാണ് ശില്പശാലയിലെ പ്രധാന ചർച്ചാവിഷയങ്ങൾ. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർധിപ്പിക്കുക, തുല്യ വേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുക, വനിതാ സംരംഭകത്വവും ഡിജിറ്റൽ തൊഴിൽസാധ്യതയും പ്രോത്സാഹിപ്പിക്കുക, രാഷ്ട്രീയ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും. ആരോഗ്യവിദ്യാഭ്യാസ അവകാശങ്ങൾ, മാനസിക ക്ഷേമം, അതിക്രമങ്ങൾക്കെതിരായ നിയമസംരക്ഷണം, സൈബർ കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയ മേഖലകളിലും പ്രായോഗിക നിർദേശങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യും.

വിവിധ മേഖലകളിലെ വിഷയവിദഗ്ധർ, സർക്കാർ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമികഗവേഷണ മേഖല, സിവിൽ സമൂഹം, യുവജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ തുടർചർച്ചകളും സംഘടിപ്പിക്കും. അഭിപ്രായങ്ങളും നിർദേശങ്ങളും കൂടി പരിഗണിച്ച് നയരൂപീകരണം കൂടുതൽ ജനകീയവും സമഗ്രവുമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി അറിയിച്ചു.

ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ത്രീശാക്തീകരണം, തൊഴിൽ പങ്കാളിത്തം, സുരക്ഷ, ആരോഗ്യം, നിയമപരമായ പരിഷ്കരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നയശുപാർശ തയ്യാറാക്കും. നിർദേശങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിന് ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ, സമയപരിധികൾ, പുരോഗതി വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ എന്നിവ ഉൾപ്പെടുത്തിയ പ്രവർത്തനരേഖയും രൂപപ്പെടുത്തും. തുടർചർച്ചകളിലൂടെ നിർദേശങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വനിതാനയത്തിന് അന്തിമരൂപം നൽകി മാർച്ച് എട്ടിന് പ്രഖ്യാപിക്കുകയുമാണ് ലക്ഷ്യം. വനിതാശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, വകുപ്പ് ഡയറക്ടർ വി. വിഘ്നേശ്വരി എന്നിവർ പങ്കെടുത്തു.

സംസ്ഥാന സ്കൂൾ കായികമേള മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: 2025 ൽ തിരുവനന്തപുരത്ത് നടന്ന 67ാ മത് സംസ്ഥാന സ്കൂൾ കായികമേള മാധ്യമ അവാർഡുകൾ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പ്രഖ്യാപിച്ചു. ആകെ ഏഴ് മാധ്യമ പുരസ്കാരങ്ങളാണ് ഇത്തവണ നൽകുന്നതെന്ന് നിയമസഭ മീഡിയ സെന്ററിൽ വിളിച്ചു ചേർത്ത വാർത്താ സമ്മേളനത്തിൽ മന്ത്രി പറഞ്ഞു. അച്ചടി വിഭാഗത്തിൽ സമഗ്ര കവറേജിനുള്ള പുരസ്കാരം മലയാള മനോരമ കരസ്ഥമാക്കി. 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരം. മികച്ച പത്രറിപ്പോർട്ടർ പ്രദീപ് ഗോപാൽ (ദേശാഭിമാനി - മരണം തോറ്റു ജോയിയ വിജയിച്ചു) മികച്ച ഫോട്ടോഗ്രാഫർ- മുരളികൃഷ്ണൻ (മാതൃഭൂമി, ചിത്രംവിജയവണക്കം).ഇരുവർക്കും 20,000 രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരം.

ദൃശ്യമാധ്യമ വിഭാഗത്തിൽ മികച്ച ടെലിവിഷൻ റിപ്പോർട്ടർ മഹേഷ് പോലൂർ (മീഡിയ വൺ), മികച്ച ക്യാമറാമാൻ - വിജു. വി (മാതൃഭൂമി ന്യൂസ്) എന്നിവർ ജേതാക്കളായി. ഇരുവർക്കും 20,000രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരം. ഏഷ്യാനെറ്റ് ന്യൂസിന് സമഗ്ര കവറേജിനുള്ള പുരസ്കാരവും ലഭിച്ചു. 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരം. മികച്ച ശ്രവ്യ മാധ്യമ കവറേജിനുള്ള പുരസ്കാരം ആകാശവാണിക്കാണ്. 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാരമായി ലഭിക്കുക.

കമാൽ വരദൂർ (ചന്ദ്രിക),വിശ്വനാഥൻ കെ (മാതൃഭൂമി),അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസർ ഒളിമ്പ്യൻ കുഞ്ഞു മുഹമ്മദ് എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് നിർണയിച്ചത്.

സമസ്ത കേരള സാഹിത്യപരിഷത്തിൽ മലയാളഭാഷാ സമ്മേളനവും പുരസ്കാരസമർപ്പണവും

കൊച്ചി: ശതാബ്ദി നിറവിൽ എത്തിനില്ക്കുന്ന സമസ്തകേരള സാഹിത്യ പരിഷത്ത് കേരളപ്പിറവിയുടെ 70ാംവാർഷികം സമുചിതമായി ആഘോഷിക്കുന്നു. ഐക്യകേരളം രൂപപ്പെടുന്നതിന് മുമ്പ് തന്നെ അത്തരമൊരു ആശയം മുന്നിൽകണ്ട് പ്രവർത്തിച്ച സംഘടന എന്ന ചരിത്രപ്രാധാന്യം സാഹിത്യപരിഷത്തിനുണ്ട്. മലയാളഭാഷാ സമ്മേളനവും പരിഷത്ത് സമഗ്ര സംഭാവനാപുരസ്കാര സമർപ്പണവും 2026 നവംബർ 1 ന് നടക്കും. 2025 ലെ സമഗ്രസംഭാവനപുരസ്കാരം പ്രൊഫ.എസ്.കെ.വസന്തന് സമർപ്പിക്കും.

രാവിലെ 10ന് മഹാകവി.ജി.ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്ന പൊതു സമ്മേളനത്തിൽ സമസ്തകേരള സാഹിത്യപരിഷത്ത് പ്രസിഡൻറ് ഡോ.ടി.എസ്.ജോയി അദ്ധ്യക്ഷത വഹിക്കും സാഹിത്യപരിഷത്ത് വൈസ് പ്രസിഡൻറ് ഡോ.എം.സി.ദിലീപ് കുമാർ ആമുഖപ്രഭാഷണം നടത്തും. ഡോ. അജിതൻ മേനോത്ത് പുരസ്കാര ജേതാവിനെ പരിചയപ്പെടുത്തും. തുടർന്ന് സമഗ്രസംഭാവനാപുരസ്കാരം പ്രൊഫ..എസ്.കെ.വസന്തന് സാഹിത്യപരിഷത്ത് അദ്ധ്യക്ഷൻ ഡോ.ടി.എസ്.ജോയി സമർപ്പിക്കും. നിർവ്വാഹക സമിതിയംഗം അഡ്വ,ടി.പി. എംഇബ്രാഹിംഖാൻ ആശംസകൾ നേരും. പരിഷത്ത് ജനറൽ സെക്രട്ടറി ഡോ.നെടുമുടി ഹരികുമാർ, ശ്രീമൂലനഗരം മോഹൻ, ജി.ഭുവനേശ്വരി എന്നിവർ പ്രസംഗിക്കും. തുടർന്ന് എറണാകുളം ടി.ഡി.എം. ഓർക്കെസ്ട്രാ അവതരിപ്പിക്കുന്ന കേരളഗാനാലാപനവും എറണാകുളം വിമൻസ് അസോസിയേഷൻ അവതരിപ്പിക്കുന്ന തിരുവാതിരകളിയും കേരളപ്പിറവി ദിനാഘോഷത്തിന് മാറ്റു കൂട്ടും. 2 മണിക്ക് കവി സമ്മേളനം ആരംഭിക്കും. കവി സെബാസ്റ്റ്യൻ അദ്ധ്യക്ഷനാകും. പ്രൊഫ.എസ്.കെ.വസന്തൻ കവിസമ്മേളനം ഉദ്ഘാടനം ചെയ്യും. എം.കെ.ശശീന്ദ്രൻ, സി.ഐ.സി.സി.ജയചന്ദ്രൻ എന്നിവർ പ്രസംഗിക്കും. തുടർന്ന് മുപ്പതിലധികം കവികൾ തങ്ങളുടെ സ്വന്തം കവിത അവതരിപ്പിക്കും 5 മണിക്ക് ചടങ്ങുകൾ സമാപിക്കും.

ലയൺസ് ക്ലബ്ബ് വീട് നിർമ്മിച്ചു നൽകി

മൂവാറ്റുപുഴ: ലയൺസ് ക്ലബ്ബ് മൂവാറ്റുപുഴ ഗ്ലോബൽ വില്ലേജിന്റെ ആഭിമുഖ്യത്തിലും കെ. ചിറ്റലപ്പിള്ളി ഫൗണ്ടേഷന്റെ സഹകരണത്തോടെ വാളകം ഗ്രാമപഞ്ചായത്തിൽ 5ാം വാർഡിൽ കോഴിപ്പിള്ളി നിരപ്പേൽ മറിയാമ്മയ്ക്ക് താമസയോഗ്യമായ ഭവനം നിർമ്മിച്ചു നൽകി. ലയൺസ് ഡിസ്ട്രിക്ട് 318സിയുടെ ഗവർണർ വി.എസ്. ജയേഷ് താക്കോൽ കൈമാറി. ഡിസ്ട്രിക്ട് ക്യാബനറ്റ് ട്രഷറർ വർഗീസ് ജോസഫ്, ഹൗസിംഗ് പ്രോജക്ടിന്റെ ഡിസ്ട്രിക്ട് സെക്രട്ടറി യു. റോയി, റീജിയൺ ചെയർമാൻ ബേബി മാത്യു, സോൺ ചെയർമാൻ കെ.പി. അബ്രാഹം, ക്ലബ്ബ് പ്രസിഡൻറ് കെ.പി. കൃഷ്ണൻ, സെക്രട്ടറി ഒ.കെ.വിവേകിതൻ, ട്രഷർ വൈശാഖ് ഷാജി, ക്ലബ്ബ് അംഗങ്ങളായ ബേബി പി.എം., വേണുഗോപാൽ കെ.എം. എന്നിവർ പങ്കെടുത്തു.

ഫിസാറ്റ് രജത ജൂബിലി ആഘോഷങ്ങൾ മുഖ്യ മന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയുന്നു. ഡോ. മിനി പി. ആർ, എലിയാസ് കെ തര്യൻ, ജയാ രാധാകൃഷ്ണൻ, ജെനിബ് ജെ കാച്ചപ്പിള്ളി, ബെന്നി ബെഹനാൻ എം പി, റോജി എം ജോൺ, സച്ചിൻ ജേക്കബ് പോൾ, ഷിമിത്ത് പി ആർ, കെ വി എസ് മണിയൻ, ഡോ സിസ്സ തോമസ്, ഡോ ജേക്കബ് തോമസ്, സത്യമൂർത്തി എസ്, ടോം തോമസ് തുടങ്ങിയവർ സമീപം

സാങ്കേതിക മുന്നേറ്റവും സാമൂഹിക പ്രതിബദ്ധതയും കൈകോർക്കണം: മുഖ്യമന്ത്രി വി ഡി സതീശൻ

ഫിസാറ്റ് രജത ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

അങ്കമാലി: സാങ്കേതിക വിദ്യയുടെ വളർച്ച സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പ്രയോജനത്തിന് ഉതകുമ്പോഴാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത് എന്ന് മുഖ്യ മന്ത്രി വി. ഡി. സതീശൻ പറഞ്ഞു . അങ്കമാലി മൂക്കന്നൂർ ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും പുതിയതായി നിർമ്മിച്ച സിൽവർ ജൂബിലി മന്ദിരത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

‘കഴിഞ്ഞ 25 വർഷമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരമുള്ള, വേറിട്ട മാതൃക സൃഷ്ടിക്കാൻ ഫിസാറ്റിന് സാധിച്ചിട്ടുണ്ട്. കേവലം എൻജിനീയർമാരെ സൃഷ്ടിക്കുക എന്നതിനപ്പുറം, നൂതന സാങ്കേതികവിദ്യകളെ സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്ന യുവതലമുറയെ വാർത്തെടുക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞു. സംസ്ഥാനത്തു ആദ്യമായി ഒരു ട്രേഡ് യൂണിയൻ ഒരു വിദ്യാഭ്യാസ സ്ഥാപനം കെട്ടി പടുക്കുക മാത്രമല്ല അത് മികച്ച മാതൃകയിൽ കൊണ്ട് നടക്കാൻ കഴിയുന്നു എന്നതും ഏറെ ഗുണ പരമായ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ ഉന്നത വിദ്യാഭ്യാസ രംഗത്ത് ട്രേഡ് യൂണിയൻ നേതൃത്വത്തിൻറെ പങ്കാളിത്ത വിജയമാതൃകയാണ് ഫിസാറ്റ് എന്ന് വ്യക്തമാക്കി. ‘ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകളും ഗവേഷണ മികവും ഉറപ്പുവരുത്തി അന്താരാഷ്ട്ര തലത്തിലേക്ക് വളരാൻ ഫിസാറ്റിന് സാധിച്ചു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവവും ഗവേഷണ താല്പര്യവും വളർത്തുന്നതിൽ ഫിസാറ്റ് കൈവരിച്ച നേട്ടം അഭിനന്ദനാർഹമാണ്, എന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഫിസാറ്റ് വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ രചിച്ച പീപ്പിൾ ഓവർ പ്രോഫിറ്റ് എന്ന പുസ്തകത്തിൻറെ പ്രകാശനം മുഖ്യമന്ത്രി വി ഡി സതീശൻ മന്ത്രി റോജി എം ജോണിന് നൽകി നിർവഹിച്ചു . ഒരു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെ മാസ്റ്റർ പ്ലാൻ ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു ചാലക്കുടി എം.പി ബെന്നി ബെഹനാൻ, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസ്, ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ കെ. വി. എസ്. മണിയൻ എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തി. 75,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ച അത്യാധുനിക സിൽവർ ജൂബിലി മന്ദിരത്തിൽ ഗവേഷണ കേന്ദ്രങ്ങളും, അഡ്വാൻസ്ഡ് ടെക്നോളജി ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ചടങ്ങിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെ മാസ്റ്റർ പ്ലാൻ മന്ത്രി റോജി എം ജോൺ പ്രകാശനം ചെയ്തു. അടുത്ത ഇരുപത്തിയഞ്ചു വർഷത്തേക്കുള്ള ദീർഘകാല പദ്ധതികളുടെ പ്രഖ്യപനം ബെന്നി ബെഹനാൻ എം പി നിർവഹിച്ചു . രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അർഹരായ വിദ്യാർത്ഥികൾക്കായുള്ള പ്രതി വർഷം ഒരു കോടി രൂപയുടെ വിപുലമായ സ്കോളർഷിപ്പ് പദ്ധതികൾ വൈസ് ചാൻസിലർ ഡോ സിസ്സ തോമസ് ചടങ്ങിൽ പ്രഖ്യാപിച്ചു. 25000 സ്കയർ ഫീറ്റിൽ അയ്യായിരത്തോളം പേർക്ക് ഇരിക്കാവുന്ന രീതിയിൽ നിർമിക്കുന്ന അത്യാധുനിക ഓഡിറ്റോറിയറ്റിൻറെ പ്രഖ്യപനവും ഡിസൈൻ പ്രകാശനവും ഫെഡറൽ ബാങ്ക് മാനേജിങ് ഡയറക്ടർ കെ വി എസ് മണിയൻ നിർവഹിച്ചു. ഫിസാറ്റ് ചെയർമാൻ പി. ആർ. ഷിമിത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ പ്രിൻസിപ്പൽ ഡോ. ജേക്കബ് തോമസ് വി, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയാ രാധാകൃഷ്ണൻ, ഫിസാറ്റ് ട്രഷറർ ജെനിബ് ജെ. കാച്ചപ്പിള്ളി, അസോസിയേറ്റ് സെക്രട്ടറി എസ്. സത്യമൂർത്തി, വൈസ് പ്രിൻസിപ്പൽ ഡോ മിനി പി ആർ, പി.ടി.എ പ്രസിഡന്റ് ദീപ എൻ കർത്ത, പൂർവ വിദ്യാർത്ഥി അസോസിഷൻ വൈസ് പ്രസിഡന്റ് ജിത്തു റാം, കോളേജ് സ്റ്റുഡൻറ് യൂണിയൻ ചെയർമാൻ അശ്വിൻ രാധാകൃഷ്ണൻ, മാനേജ്മെൻറ് കമ്മിറ്റി അംഗങ്ങൾ, എഫ് ബി ഓ എ ഇ എസ് അംഗങ്ങൾ , ത്രിതല പഞ്ചായത്തു ജന പ്രതിനിധികൾ സാമൂഹിക സാംസ്കാരിക മേഖലയിലെ പ്രമുഖർ, ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനായി സ്ഥലം വിട്ടു നൽകിയവർ, പൂർവ വിദ്യാർത്ഥികൾ, വിദ്യാർത്ഥികളുടെ മാതാപിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായി 1,000 കോടി രൂപയുടെ ഭവനപദ്ധതി: നവംബർ 1ന് ആരംഭിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 1,000 കോടിരൂപയുടെ പുതിയ ഭവനപദ്ധതി കേരളപ്പിറവി ദിനമായ നവംബർ 1ന് ആരംഭിക്കുമെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി അറിയിച്ചു. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഭവന പദ്ധതിയാണ് സർക്കാർ നടപ്പിലാക്കുന്നത്. ഈ വർഷം 25,000 പട്ടികജാതി കുടുംബങ്ങൾക്കും, 7,000 പട്ടികവർഗ കുടുംബങ്ങൾക്കും ഭവന നിർമാണ ധനസഹായം നൽകുമെന്നും സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

ഭവനപദ്ധതികളിലേക്ക് നവംബർ ഒന്നു മുതൽ 16 വൈകിട്ട് അഞ്ചുമണി വരെ അപേക്ഷ സമർപ്പിക്കാം. പട്ടിക ജാതി ഭവന പദ്ധതിയിലെ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട വികസന ഓഫീസിൽ നേരിട്ടോ വകുപ്പിന്റെ പോർട്ടലിൽ ഓൺലൈനായോ അപേക്ഷിക്കാം. പട്ടികവർഗ വികസന വകുപ്പിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നേതൃത്വം നൽകും. നവംബർ 24 വരെ അപേക്ഷകളുടെ പരിശോധന നടത്തും. തയ്യാറാക്കിയ പട്ടിക നവംബർ 30 ന് ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് സമർപ്പിക്കണം.

ഡിസംബർ മൂന്നിന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കും. ഡിസംബർ ആറിനാണ് സംസ്ഥാനതല ഉദ്ഘാടനം. ഡിസംബറിൽ ആദ്യഗഡുവിതരണം ചെയ്യും. അപേക്ഷകരുടെ കുടുംബത്തിന്റെ വാർഷിക വരുമാന പരിധി മൂന്നുലക്ഷം രൂപയായിരിക്കണം. വിധവകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും മാരക രോഗം ബാധിച്ച കുടുംബാംഗങ്ങളുള്ളവർക്കും മുൻഗണന നൽകും. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങൾക്കും മുന്തിയ പരിഗണന ഉണ്ടാകും.

പട്ടികജാതി ഭവനപദ്ധതിയിൽ ഗ്രാമപരിധിയിൽ കുറഞ്ഞത് രണ്ട് സെന്റും നഗരപരിധിയിൽ കുറഞ്ഞത് ഒന്നര സെന്റും ഭൂമിയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർ 70 വയസ്സിന് താഴെ പ്രായമുള്ളവർ ആയിരിക്കണം. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കും. 50,000 രൂപ വരെ വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകും. വകുപ്പ് നേരിട്ടായിരിക്കും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുക. നിർമിക്കുന്ന ഭവനത്തിന് 500 ചതുരശ്ര അടി വിസ്തീർണമുണ്ടായിരിക്കണം. പട്ടികവർഗ ഭവനപദ്ധതിയിൽ ഒരു ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്കും രണ്ടിലധികം വിദ്യാർഥികളുള്ള കുടുംബത്തിന് മുൻഗണന നൽകും. പട്ടികജാതി ഭവന പദ്ധതി പ്രകാരമുള്ള ഭവന ധനസഹായം നാല് ലക്ഷം രൂപയിൽ നിന്നും ആറ് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നാല് ഗഡുക്കളായിട്ടാവും ധനസഹായം വിതരണം.

ഒറ്റപ്പെട്ട ഇടങ്ങളിൽ വീട് വയ്ക്കുന്ന പട്ടികവർഗക്കാർക്ക് നാലിൽ നിന്നും ആറുലക്ഷം രൂപയായും, സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്ന ഇടങ്ങളിലും അതീവ ദുർഘട പ്രദേശങ്ങളിലും വീട് വയ്ക്കുന്ന ഗുണഭോക്താക്കൾക്ക് ആറിൽ നിന്നും എട്ടുലക്ഷമായും ഭവന ധനസഹായം വർധിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങൾക്കായി 727.68 കോടി രൂപയുടെയും പട്ടികവർഗ വിഭാഗങ്ങൾക്കായി 252.52 കോടി രൂപയുടെയും തനത് ഭവനപദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമാണ ധനസഹായത്തിന് 20 കോടി രൂപയും വിനിയോഗിക്കും.

ഇതോടെ, തനത് ഭവനപദ്ധതികൾക്കായി ആകെ 1,000 കോടി രൂപ നടപ്പുവർഷം വകയിരുത്തുന്നതാണ്.പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ധനസഹായം 2009 ലെ ഒന്നേകാൽ ലക്ഷം രൂപയിൽ നിന്നും രണ്ടര ലക്ഷമാക്കി ഉയർത്തിയത് 2011 ൽ ആണ്.

വകുപ്പ് സെക്രട്ടറി ഡോ. വീണാ മാധവൻ, എസ് ടി ഡയറക്ടർ ബിനു ഫ്രാൻസിസ്, എസ് സി ഡയറക്ടർ ഹിമ കെ, പ്രൈവറ്റ് സെക്രട്ടറി എം എസ് ഇർഷാദ്, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി വി ജി മിനിമോൾ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

കൊച്ചി കടവന്ത്ര ഇന്ദിരാഗാന്ധി സഹരണ ആശുപത്രിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച സുവർണ്ണ ജൂബിലി ബ്ലോക്കിന്റെ ഉദ്ഘാടനം മുഖ്യ മന്ത്രി വി.ഡി.സതീശൻ നിർവ്വഹിക്കുന്നു. ഇക്ബാൽ വലിയ വീട്ടിൽ,ബി.ബിന്ദു മാധവ്, ടി.ജെ വിനോദ് എം.എൽ.എ,അജയ് തറയിൽ,എം.ഒ.ജോൺ, മേയർ അഡ്വ.വി.കെ.മിനിമോൾ, ഹൈബി ഈഡൻ എം.പി, ഡോമിനിക് പ്രസന്റേഷൻ, മുഹമ്മദ് ഷിയാസ് എം.എൽ.എ, അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്, ഉമ തോമസ് എം.എൽ.എ, അഗസ്റ്റസ് സിറിൾ തുടങ്ങിയവർ സമീപം.

ആരോഗ്യ മേഖലയെ കൈപ്പിടിയിൽ ഒതുക്കാനുള്ള വിദേശ കുത്തകകളുടെ നീക്കത്തെ എന്ത് വിലകൊടുത്തും സർക്കാർ നേരിടും : മുഖ്യമന്ത്രി വി.ഡി.സതീശൻ

കൊച്ചി: ആരോഗ്യ മേഖലയിലെ വൻകിട കുത്തകകളുടെ ചൂഷണത്തെ കേരളം ഒറ്റക്കെട്ടായി നേരിടുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. കൊച്ചി കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച ബ്ലോക്കിന്റെയും, ജനകീയ ആരോഗ്യ സുരക്ഷാ പദ്ധതിയുടെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകായിരുന്നു അദ്ദേഹം.

സർക്കാർ, സഹകരണ ആശുപത്രികളെ എന്തു വിലകൊടുത്തും സംരക്ഷിക്കുന്ന നിലാപാടാണ് ഈ സർക്കാരിന്റേതെന്നും മുഖ്യമന്ത്രി പറഞ്ഞു. ബഹുരാഷ്ട്ര കുത്തകകൾ വൻതുക മുടക്കി കേരളത്തിലെയും ഇന്ത്യയിലെയും പ്രമുഖ ആശുപത്രികളും ഡയഗ്നോസിസ്, ഫാർമസ്യൂട്ടിക്കൽ മേഖലകളും ഏറ്റെടുക്കുകയും, തുടർന്ന് അവ പലതവണ ഉയർന്ന വിലയ്ക്ക് മറിച്ചുവിറ്റ് വൻ ലാഭം കൊയ്യുകയും ചെയ്യുന്ന മാഫിയകളെ തടയുന്നതിന് സർക്കാർ അടിയന്തരമായി ഇടപെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തമെന്നും അദ്ദേഹം പറഞ്ഞു. സാധാരണക്കാർക്ക് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി പോലുള്ള സഹകരണ ആശുപത്രികൾ വഴിയും സർക്കാർ നേരിട്ടും ഡയഗ്നോസിസ്, ഫാർമസ്യൂട്ടിക്കൽ മേഖലകളിൽ കൂടുതൽ ഇടപെടലുകൾ നടത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിർദ്ധനർക്ക് മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ മേഖലയിൽ സമഗ്ര സംഭാവന നൽകുന്ന ഭീമ ജൂവൽസ് ചെയർമാൻ ബി.ബിന്ദുമാധവിനെയും, സുവർണ്ണ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണം റെക്കോർഡ് വേഗത്തിൽ പൂർത്തികരിച്ച കരാറുകാരൻ കെ.വി. ജോസഫിനെയും മുഖ്യമന്ത്രി ആദരിച്ചു.

ചടങ്ങിൽ കൊച്ചിൻ കോഓപ്പറേറ്റീവ് ഹോസ്പിറ്റൽസ് സൊസൈറ്റി പ്രസിഡന്റ് എം.ഒ. ജോൺ അദ്ധ്യക്ഷത വഹിച്ചു. സൊസൈറ്റി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്, ഹൈബി ഈഡൻ എം.പി, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി.കെ.മിനിമോൾ, എം.എൽ.എമാരായ ടി.ജെ വിനോദ്, മുഹമ്മദ് ഷിയാസ്, ഉമ തോമസ് എന്നിവരും മുൻ എംഎൽഎ ഡൊമിനിക്ക് പ്രസന്റേഷൻ,സൊസൈറ്റി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, ടി.എച്ച് റഷീദ്, ആലപ്പാട്ട് മുരളീധരൻ, ഡോ. ഹസീന മുഹമ്മദ്, ഇക്ബാൽ വലിയ വീട്ടിൽ, ഇന്ദിരാ ഭായ് പ്രസാദ്, എൻ.എ.അബ്രഹാം, പി.ഡി. അശോകൻ, കെ.പി. വിജയകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത് എന്നിവർ പ്രസംഗിച്ചു.

വേമ്പനാട് കായലിനെക്കുറിച്ചുള്ള ആധികാരിക പഠനഗ്രന്ഥം ഭാവിതലമുറകൾക്കുള്ള സംഭാവന: മുഖ്യമന്ത്രി

കൊച്ചി: വേമ്പനാട് കായലിനെക്കുറിച്ചും കേരളത്തിലെ മത്സ്യബന്ധന മത്സ്യകൃഷി മേഖലയെക്കുറിച്ചും വ്യക്തവും ആധികാരികവുമായ അറിവ് നൽകുന്ന ഗ്രന്ഥമാണ് "Exploring the Legacy of Fishing and Farming Below Sea Level: Vembanad Kole Wetlands of Southern India' എന്ന പുസ്തകം എന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. അന്തരിച്ച പ്രൊഫ. (ഡോ.) ബി. മധുസൂദനക്കുറുപ്പിന്റെ സ്മരണാർത്ഥം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് സംഘടിപ്പിച്ച പുസ്തകപ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു സതീശൻ . ഗവേഷകർക്കും അക്കാദമിക് വിദഗ്ധർക്കും വിവിധ ഏജൻസികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥം വരുംതലമുറകൾക്കായി അദ്ദേഹം ശേഷിപ്പിച്ച വിലപ്പെട്ട വൈജ്ഞാനിക സംഭാവനയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ മുഖ്യമന്ത്രി പുസ്തകം പ്രൊഫ. (ഡോ.) ബി. മധുസൂദനക്കുറുപ്പിന്റെ കുടുംബാംഗങ്ങളോടൊപ്പം മുൻമന്ത്രിമാരായ കെ. ബാബു, എസ്. ശർമ്മയ്ക്കും കൈമാറി പ്രകാശനം നിർവഹിച്ചു.

സർവകലാശാലകൾ എല്ലാം ഗവേഷണ കേന്ദ്രങ്ങളായി മാറ്റണമെന്നാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അതിനുള്ള എന്ത് സഹായവും ചെയ്യാൻ സർക്കാർ തയാറാണെന്നുംഅതിൽ മുന്നിൽക്കണ്ടാണ് ഗവേഷകർക്കുള്ള ഗ്രാന്റ് ഉയർത്തണമെന്ന് കുസാറ്റിന്റെ ആവിശ്യം അപ്പോൾ തന്നെ അംഗീകരിച്ച് നൽകിയതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മന്ത്രി അഡ്വ. വി. ഇ. അബ്ദുൽ ഗഫൂർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഒസെൻ സ്റ്റഡീസ് (കുഫോസ്) വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എ. ബിജുകുമാർ, മുൻ മന്ത്രിമാരായ കെ. ബാബു, എസ്. ശർമ്മ, എം.എൽ.എ. ടി. ജെ. വിനോദ്, എം.എൽ.എ മുഹമ്മദ് ഷിയാസ്, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി.കെ. മിനിമോൾ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ ശ്രീ. കെ. വി. പി. കൃഷ്ണകുമാർ, കുസാറ്റ് രജിസ്ട്രാർ ഡോ. ഹരി ഗോവിന്ദ് പി. സി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

2026 ഒക്ടോബർ 18ന് അന്തരിച്ച പ്രൊഫ. ബി. മധുസൂദന കുറുപ്പ് ഫിഷറീസ് ശാസ്ത്രം, വിദ്യാഭ്യാസം, ജലജീവി വൈവിധ്യ ഗവേഷണം, ഫിഷറീസ് ഭരണനിർവഹണം എന്നീ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിരുന്നു. അധ്യാപകനും ശാസ്ത്രജ്ഞനുമായിരുന്ന അദ്ദേഹം ഫിഷറീസ് വിദ്യാഭ്യാസം, ജലജീവി വൈവിധ്യ ഗവേഷണം, മൺസൂൺ ട്രോളിംഗ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി വിദഗ്ധ സമിതികളിൽ അംഗമായിരുന്നു. കേരള ഫിഷറീസ് മന്ത്രിയുടെ ഉപദേഷ്ടാവായും ഇന്ത്യയിലെ ആദ്യ ഫിഷറീസ് സർവകലാശാലയായ കുഫോസിന്റെ സ്ഥാപക വൈസ് ചാൻസലറായും ഉത്തർപ്രദേശിലെ വെങ്കിടേശ്വര സർവകലാശാലയുടെ മൂന്നാമത്തെ വൈസ് ചാൻസലറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം. എ ഇംഗ്ലീഷ് (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റെഗുലർ / 201923 അഡ്മിഷൻസ് റീഅപ്പീയറൻസ്) മാർച്ച് 2026 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ അപേക്ഷിക്കാം. വിവരങ്ങൾ വെബ്സൈറ്റിൽ

രണ്ടാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് (സി.എസ്.എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. വിവരങ്ങൾ വെബ്സൈറ്റിൽ.

ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ, ബിബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ സപ്ലിമെൻററി) ജൂൺ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം. വിവരങ്ങൾ വെബ്സൈറ്റിൽ.
രണ്ടാം വർഷ ബിഫാം അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് (2016 വരെയുള്ള അഡ്മിഷനുകൾ) ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം. വിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബി.വോക് ഡിഗ്രി (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 24 അഡ്മിഷൻസ് റീപ്പിയറൻസ്; 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 23 മുതൽ നടത്തുന്നതാണ്. ടൈം ടേബിൾ വെബ്സൈറ്റിൽ.

എട്ടാം സെമസ്റ്റർ ബിഎച്ച്എം (പഴയ സ്കീം2018, 2019 അഡ്മിഷുനുകൾ, സപ്ലിമെൻററി, 20152017 അഡ്മിഷുനുകൾ മെഴ്സി ചാൻസ്) സെപ്റ്റംബർ 2026 പരീക്ഷകൾ ഡിസംബർ 7 മുതൽ നടത്തുന്നതാണ്. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷക്ക് അപേക്ഷിക്കാം

പത്താം സെമസ്റ്റർ ബി. ആർക്ക് (2021 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ സപ്ലിമെൻററി (റീ ജൂറി) പരീക്ഷകൾക്ക് ഫൈൻ കൂടാതെ നവംബർ 7 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 8 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 9 വരെയും അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എംപിഇഎസ് (ദ്വിവത്സര പ്രോഗ്രാം2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2022 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 1 മുതൽ നടക്കും. നവംബർ 12 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 13 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 16 വരെയും അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ വെബ്സൈറ്റിൽ.

സംസ്കൃത സർവ്വകലാശാല : സെമസ്റ്റർ അവധി നവംബർ ഒന്നിന് തുടങ്ങും

കൊച്ചി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ബിരുദ, ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കും അധ്യാപകർക്കും നവംബർ ഒന്ന് മുതൽ 30 വരെ സെമസ്റ്റർ അവധിയായിരിക്കും. സെമസ്റ്റർ അവധിക്ക് ശേഷം ഡിസംബർ ഒന്നിന് ക്ലാസുകൾ പുനഃരാരംഭിക്കും. ഗവേഷകർ, ഐടിഇപി വിദ്യാർത്ഥികൾ എന്നിവർക്ക് സെമസ്റ്റർ അവധി ബാധകമല്ല.

എഫ് വൈ യു ജി പി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു

കൊച്ചി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഒന്നും മൂന്നും അഞ്ചും സെമസ്റ്ററുകൾ എഫ് വൈ യു ജി പി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

ഹെൽത്ത് & വെൽബീയിങ് (ഐ.എച്ച്.ഡബ്ല്യു) കൗൺസിലിന്റെ എക്സലൻസ് സ്പെഷ്യൽറ്റി ഇൻ സ്ട്രോക് കെയർ അവാർഡ് ആസ്റ്റർ ഡിഎം കാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 സിഇഒ രമേശ് കുമാറിൽ നിന്നും കോഴിക്കോട് ആസ്റ്റർ മിംസ് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു.

സ്ട്രോക്ക് ചികിത്സയിൽ വീണ്ടും പുരസ്കാരത്തിളക്കത്തിൽ ആസ്റ്റർ മിംസ്

കോഴിക്കോട്: സ്ട്രോക്ക് പരിചരണ രംഗത്ത് കൈവരിച്ച ചികിത്സാ മികവിനും ആഗോള നിലവാരമുള്ള രോഗീ പരിചരണത്തിനും കോഴിക്കോട് ആസ്റ്റർ മിംസിന് ഇന്റഗ്രേറ്റഡ് ഹെൽത്ത് & വെൽബീയിങ് (ഐ.എച്ച്.ഡബ്ല്യു) കൗൺസിലിന്റെ എക്സലൻസ് സ്പെഷ്യൽറ്റി ഇൻ സ്ട്രോക് കെയർ അവാർഡ് ലഭിച്ചു. സ്ട്രോക്ക് ചികിത്സാരംഗത്ത് സമഗ്രവും കൃത്യതയാർന്നതുമായ പരിചരണം ഉറപ്പാക്കുന്നതിൽ ആശുപത്രി നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ പുരസ്കാരം ലഭിച്ചത്. അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്റർ എന്ന ആഗോള അക്രഡിറ്റേഷൻ നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ആശുപത്രി എന്ന ചരിത്ര നേട്ടത്തിന് ശേഷം കോഴിക്കോട് ആസ്റ്റർ മിംസിനെ തേടിയെത്തുന്ന ദേശീയ അംഗീകാരമാണിത്.

അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ, 24 മണിക്കൂറും സജ്ജമായ മെഡിക്കൽ സംഘം, രക്തക്കട്ടകൾ നീക്കം ചെയ്യുന്ന മെക്കാനിക്കൽ ത്രോംബെക്ടമി തുടങ്ങിയ അത്യാധുനിക ചികിത്സാരീതികൾ, എന്നിവയിലൂടെ രോഗികൾക്കായി മികച്ച ജീവൻ രക്ഷാ പരിചരണം ആശുപത്രി ഉറപ്പാക്കുന്നുണ്ട്.

സ്ട്രോക്ക് ബാധിച്ച് ആശുപത്രിയിലെത്തുന്ന രോഗിക്ക് ആദ്യ നിമിഷങ്ങളിൽ നൽകുന്ന കൃത്യമായ ചികിത്സയാണ് അവരുടെ ജീവനും തുടർജീവിതത്തിന്റെ ഗുണനിലവാരവും നിർണയിക്കുന്നത്. രോഗീപരിചരണത്തിന് അദ്ദേഹം 24മണിക്കൂറും ന്യൂറോളജി, ന്യൂറോ സർജറി, ന്യൂറോ ഇന്റർവെൻഷൻ, എമർജൻസി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്നും ഈ വിഭാഗങ്ങളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെയാണ് ഇത്തരം നേട്ടത്തിന് ആശുപത്രിയെ അർഹമാക്കിയതെന്നും ആസ്റ്റർ മിംസ് ന്യൂറോളജി വിഭാഗം മേധാവി ഡോ.അഷ്റഫ്.വി വി പറഞ്ഞു.

വൈദ്യശാസ്ത്ര രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സമഗ്ര പരിചരണം സാധാരണക്കാർക്കും പ്രാപ്യമാക്കുക എന്നതാണ് ആശുപത്രിയുടെ പ്രധാന ലക്ഷ്യമെന്ന് ആസ്റ്റർ ഡിഎം കാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 സിഇഒ രമേശ് കുമാർ എസ് വ്യക്തമാക്കി. കാൽ നൂറ്റാണ്ടുകാലത്തെ മികവുറ്റ സേവന പാരമ്പര്യം മുൻനിർത്തി, അത്യാധുനിക സാങ്കേതികവിദ്യകളും രോഗീകേന്ദ്രീകൃത ചികിത്സാ സൗകര്യങ്ങളും നൽകുന്നതിൽ ആശുപത്രി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ സിഇഒ ഡോ.ഗോപിനാഥ് മാമ്പള്ളികളം, സിഎംഎസ് . ഡോ. എബ്രഹാം മാമൻ, ഡെപ്യൂട്ടി സിഎംഎസ് ഡോ. നൗഫൽ ബഷീർ, സിഎച്ച്ആർഒ ആസ്റ്റർ ഡിഎം കാളിറ്റി കെയർ ഇന്ത്യ ക്ലസ്റ്റർ 1 ബ്രിജു മോഹൻ, ഡോ.അബ്ദുറഹിമാൻ, ഡോ. മുഹമ്മദ് റഫീഖ് പികെ , ഡോ.കെ ജി രാമകൃഷ്ണൻ, ഡോ.വിനീത് ചന്ദ്രൻ, ഡോ.മുഹമ്മദ് ആഷിക്, ഡോ. സുജിത്, ,ഡോ. ശ്രീവിദ്യ, ഡോ.പൂർണ്ണിമ നാരായണൻ, സ്ട്രോക്ക് വിഭാഗം നഴ്സ് ബബിത തുടങ്ങിയവർ പങ്കെടുത്തു.

രണ്ടാംപാദത്തിൽ 160 കോടി രൂപയുടെ റെക്കോർഡ് അറ്റാദായം നേടി ഇസാഫ് ബാങ്ക്

കൊച്ചി: തൃശൂർ ആസ്ഥാനമായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 160 കോടി രൂപയുടെ റെക്കോർഡ് അറ്റാദായം. മുൻപാദത്തെ 80 കോടി രൂപയിൽനിന്നു ഇരട്ടിയായാണ് വളർച്ച. സുരക്ഷിത വായ്പകൾ, സ്വർണ വായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച രേഖപ്പെടുത്തി. മൊത്തം വായ്പ 25 ശതമാനം വാർഷിക വളർച്ചയോടെ 23,934 കോടി രൂപയും നിക്ഷേപം 24 ശതമാനം വാർഷിക വളർച്ചയോടെ 28,466 കോടി രൂപയുമായി. 32 ശതമാനം വാർഷിക വളർച്ചയോടെ 15,377 കോടി രൂപയാണ് സുരക്ഷിത വായ്പയായി രേഖപ്പെടുത്തിയത്. മൊത്തം വായ്പയിൽ 64 ശതമാനമാണ് സുരക്ഷിത വായ്പകൾ. ബാങ്ക് കൈകാര്യം ചെയ്യുന്ന സ്വർണ വായ്പകൾ 10000 കോടി രൂപ കവിഞ്ഞു. മൈക്രോഫിനാൻസ് മേഖലയിൽ 134 ശതമാനം വാർഷിക വളർച്ചയും രേഖപ്പെടുത്തി.

കാസ (കറന്റ് അക്കൗണ്ട്: സേവിങ്സ് അക്കൗണ്ട്) 10 ശതമാനം വാർഷിക വളർച്ചയോടെ 6,645 കോടി രൂപയിലെത്തി. മുൻപാദത്തെ അപേക്ഷിച്ച് 6 ശതമാനമാണ് വളർച്ച. ബാങ്കിന്റെ വായ്പാ നിക്ഷേപ അനുപാതം 82 ശതമാനമാണ്. ഫണ്ടുകൾക്കായുള്ള ചെലവ് നീക്കിയിരുപ്പ് മുൻവർഷത്തെ 7.4 ശതമാനത്തിൽനിന്നും 7.2 ശതമാനമായി കുറഞ്ഞു. ആസ്തിഗുണമേന്മകളിൽ ശക്തമായ പ്രകടനമാണ് ബാങ്ക് നടത്തിയത്. മൊത്ത നിഷ്ക്രിയ ആസ്തി 2.8 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.3 ശതമാനമായും മെച്ചപ്പെട്ടു. പ്രൊവിഷൻ കവറേജ് അനുപാതം ഉയർന്ന് 94 ശതമാനമായി. അറ്റ പലിശ മാർജിൻ 5.9 ശതമാനമായി മെച്ചപ്പെട്ടു. പലിശ വരുമാനം 43 ശതമാനം വാർഷിക വളർച്ചയോടെ 1175 കോടി രൂപയായി. ബാങ്കിന്റെ വരുമാനവും ചെലവും തമ്മിലുള്ള അനുപാതം മുൻവർഷത്തെ 82 ശതമാനത്തിൽനിന്നും 57.7 ശതമാനമായി മെച്ചപ്പെട്ടു. പ്രവർത്തന ലാഭം 289 ശതമാനം വാർഷിക വളർച്ചനേടി 362 കോടി രൂപയിലെത്തി. ആസ്തി വരുമാനം 1.5 ശതമാനമായും ഓഹരി വരുമാനം 26.5 ശതമാനമായും നിലനിർത്തി. ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം 24.1 ശതമാനമാണ്. പണലഭ്യതാ അനുപാതം 141.5 ശതമാനമായി ഉയർന്നു. ബാങ്കിന്റെ അറ്റ ആസ്തി 2027 കോടി രൂപയാണ്.

രാജ്യത്തെ മുൻനിര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളായ ബ്രിക് വർക്ക് റേറ്റിംഗ്സ് ഇസാഫ് ബാങ്കിനെ ടയർ 2 വിഭാഗത്തിൽ ആണഞ്ഞ അ/ സ്റ്റേബിൾ ആയും കെയർ എഡ്ജ് റേറ്റിംഗ്സ് ഇഅഞ്ഞള അ/ സ്റ്റേബിൾ ആയും ഉയർത്തി. മികച്ച ആസ്തി ഗുണമേന്മ, ലാഭക്ഷമത, ശക്തമായ ബിസിനസ് വളർച്ച എന്നിവയുടെ പിൻബലത്തിൽ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ റെക്കോർഡ് വളർച്ചയാണ് നേടിയതെന്ന് ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ ഡോ. കെ പോൾ തോമസ് പറഞ്ഞു. ആസ്തി ഗുണമേന്മ വർധിച്ചതും നിഷ്ക്രിയ ആസ്തികൾ കുറഞ്ഞതും ബാങ്ക് നടപ്പാക്കിയ ശക്തമായ നയങ്ങളുടെ ഫലമാണ്. മൊത്തം വായ്പയുടെ 64 ശതമാനവും സുരക്ഷിത വായ്പയായി നല്കാൻ കഴിഞ്ഞത് നേട്ടമാണ്. ഉപഭോക്തൃ വിശ്വാസം, ലാഭക്ഷമത എന്നിവ ഉറപ്പാക്കി സുസ്ഥിര വളർച്ച കൈവരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായും ഏവരെയും ഉൾക്കൊള്ളുന്ന ഇൻക്ലൂസീവ് ബാങ്കിങ് സംസ്കാരമാണ് ഇസാഫ് സ്മോൾ ഫിനാൻസ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. ബാങ്കിന്റെ സിഎസ്ആർ പദ്ധതികളുടെ ഭാഗമായി, സ്ഥാപകനായ ശ്രീ കെ പി ഹോർമിസിന്റെ സ്മരണാർത്ഥമാണ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

പ്രൊഫഷണൽ കോഴ്സുകളായ എംബിബിഎസ്, ബിഡിഎസ്, ബിവിഎസ്സി, ബിഇ/ ബിടെക്/ ബിആർക്, ബിഎസ്സി നഴ്സിംഗ്, ബിഎസ്സി അഗ്രി, എംബിഎ/ പിജിഡിഎം (ഫുൾടൈം) എന്നിവയിലേക്ക് 202627 വർഷത്തിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി അപേക്ഷിക്കാം.

കേരളം, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്നിൽ സ്വദേശികളായ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

സേവനത്തിലിരിക്കെ മരണപ്പെട്ട ധീരജവാന്മാരുടെ ആശ്രിതർക്കും കാഴ്ചസംസാരകേൾവി പരിമിതിയുള്ളവർക്കും അപേക്ഷിക്കാം.

തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസും മറ്റ് വിദ്യാഭ്യാസ ചെലവുകളും ഉൾപ്പെടെ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും. പ്രതിവർഷം ഒരു ലക്ഷം രൂപ എന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട്, 40000 രൂപ വരെ വിലമതിക്കുന്ന ഒരു ലാപ്ടോപ്പ് അല്ലെങ്കിൽ 30000 രൂപയുടെ ഒരു ടാബ്ലറ്റ് വാങ്ങാനും സ്കോളർഷിപ്പ് തുക വിനിയോഗിക്കാവുന്നതാണ്.

അർഹതയുള്ള ഒരു വിദ്യാർത്ഥിക്കും സാമ്പത്തിക പരിമിതി മൂലം മികച്ച വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമാകരുതെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പ് ഏർപ്പെടുത്തിയതെന്ന് ബാങ്കിന്റെ ചീഫ് എച്ച് ആർ ഓഫീസർ എൻ രാജനാരായണൻ പറഞ്ഞു. ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പുകളിലൂടെ, കഴിവും നിശ്ചയദാർഢ്യവുമുള്ള യുവതീയുവാക്കളുടെ വിദ്യാഭ്യാസസ്വപ്നങ്ങൾക്ക് കരുത്തേകാനും മികച്ചൊരു ഭാവി കെട്ടിപ്പടുക്കാനുള്ള അവരുടെ പ്രയത്നങ്ങൾക്ക് പിന്തുണ നൽകാനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടുള്ള വളർച്ചയിൽ പങ്ക് നിർവഹിക്കണമെന്ന ബാങ്കിന്റെ ദൃഢമായ പ്രതിബദ്ധതയുടെ തുടർച്ചയാണ് സ്കോളർഷിപ്പെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

https://scholarships.federal.bank.in:6443/fedschlrship-portal/ എന്ന ഓൺലൈൻ ലിങ്ക് മുഖേന സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കാം. അവസാന തീയതി ഡിസംബർ 31. കൂടുതൽ വിവരങ്ങൾക്ക് https://www.federal.bank.in/corporate-social-responsibiltiy എന്ന പേജ് സന്ദർശിക്കുക.

ബിഎച്ച്ഇഎൽ ജീവനക്കാർക്ക് പ്രത്യേക ശമ്പള പാക്കേജ് ആനുകൂല്യങ്ങളുമായി പിഎൻബി

ന്യൂദൽഹി: ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിലെ (ബി എച്ച് ഇ എൽ) ജീവനക്കാർക്ക് പ്രത്യേക ശമ്പള പാക്കേജ് ആനുകൂല്യങ്ങൾ നൽകുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്ക് ധാരണാപത്രം ഒപ്പുവച്ചു. ഇൻഷുറൻസ് പരിരക്ഷ, ബാങ്കിങ് സേവനങ്ങൾ, ഭവന, വിദ്യാഭ്യാസ, വാഹന വായ്പകൾക്ക് ഇളവുകൾ തുടങ്ങിയ ആനുകൂല്യങ്ങളാണ് പാക്കേജിലുള്ളത്. ബിഎച്ച്ഇഎല്ലിനെ പ്രതിനിധീകരിച്ച് ഡയറക്ടർ (എച്ച്ആർ) എം. ശ്രീധറും പിഎൻബിക്കായി ജനറൽ മാനേജർ (ബിഎ ആൻഡ് ആർഎം) രാജേന്ദ്ര സിങ്ങുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷയ്ക്കു പുറമെ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പരിരക്ഷയും ലഭിക്കും. ലോക്കർ വാടകയിൽ ഇളവ്, ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഓവർഡ്രാഫ്റ്റ് സൗകര്യം, കുടുംബാംഗങ്ങൾക്ക് മിനിമം ബാലൻസ് ആവശ്യമില്ലാത്ത അക്കൗണ്ടുകൾ, സൗജന്യ ബാങ്കിംഗ് സേവനങ്ങൾ, വായ്പകളുടെ പ്രോസസിംഗ്, ഡോക്യുമെന്റേഷൻ ചാർജുകളിൽ ഇളവ് എന്നിവയാണ് മറ്റ് ആനുകൂല്യങ്ങൾ. ആശുപത്രിവാസവുമായി ബന്ധപ്പെട്ട ഹോസ്പികാഷ് ആനുകൂല്യം, കുടുംബ ബാങ്കിംഗ് സൗകര്യങ്ങൾ, സൗജന്യ ക്രെഡിറ്റ് കാർഡുകൾ എന്നിവയും ജീവനക്കാർക്ക് ലഭിക്കും.

എസ്.ബി.ഐ ലൈഫ് ഇൻഷുറൻസിന്റെ പുതിയ ബിസിനസ് പ്രീമിയത്തിൽ 21 ശതമാനം വളർച്ച

കൊച്ചി: 2026 സെപ്റ്റംബർ 30ന് അവസാനിച്ച സാമ്പത്തിക കാലയളവിൽ എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് ശക്തമായ സാമ്പത്തിക നേട്ടം കൈവരിച്ചു. കമ്പനിയുടെ പുതിയ ബിസിനസ് പ്രീമിയം മുൻവർഷത്തെ അപേക്ഷിച്ച് 21 ശതമാനം വളർച്ചയോടെ 20,259 കോടി രൂപയായി ഉയർന്നു. കമ്പനിയുടെ നികുതിക്കു ശേഷമുള്ള ലാഭം 17 ശതമാനം വർധിച്ച് 1,274 കോടി രൂപയിലെത്തിയപ്പോൾ, പരിരക്ഷാ (പ്രൊട്ടക്ഷൻ) വിഭാഗത്തിലെ പ്രീമിയം വരുമാനം 46 ശതമാനത്തിന്റെ മികച്ച വളർച്ചയോടെ 3,235 കോടി രൂപയായി. കൂടാതെ, കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തികളുടെ മൂല്യം ഒൻപത് ശതമാനം ഉയർന്ന് 5,27,120 കോടി രൂപയിലും, പുതിയ ബിസിനസിന്റെ മൂല്യം 19 ശതമാനം വർധിച്ച് 3,274 കോടി രൂപയിലും എത്തിനിൽക്കുന്നു.

ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ഗ്രൂപ്പും 'ഡീപ്ഇൻഫിനിറ്റി.എഐ'യും തമ്മിലുള്ള ധാരണാപത്രം ഒപ്പുവെക്കുന്ന ചടങ്ങിൽ ബിഎംഎച്ച് ഗ്രൂപ്പ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അനൂപ് വാര്യർ, 'ഡീപ്ഇൻഫിനിറ്റി.എഐ' സഹസ്ഥാപകനും സിഇഒയുമായ രാമകൃഷ്ണ ബോയ, സഹസ്ഥാപകനും സി.ഒ.ഒ.യുമായ പ്രശാന്തി എനുഗ, ബ്രിട്ടീഷ് ഹൈക്കമ്മീഷൻ ഇന്ത്യ സൗത്ത് ഏഷ്യ ട്രേഡ് കൗൺസിലർ മാർക്ക് ബിസ്സൽ എന്നിവർ.

ആശുപത്രി സേവനങ്ങൾ കൂടുതൽ സ്മാർട്ടാകും; ഏകോപിത എഐ സാങ്കേതികവിദ്യയുമായി ബിഎംഎച്ച് ഗ്രൂപ്പ്

കൊച്ചി: ക്ലിനിക്കൽ സേവനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ അത്യാധുനിക ഏകോപിത എഐ സംവിധാനം നടപ്പാക്കാനൊരുങ്ങി ബേബി മെമ്മോറിയൽ (ബിഎംഎച്ച്) ഗ്രൂപ്പ്. കേരളം, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലായുള്ള ഒൻപത് ആശുപത്രികളിലാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്. രോഗികൾക്ക് വേഗതയേറിയതും കാര്യക്ഷമവുമായ സേവനങ്ങൾ നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ആശുപത്രികളിലെ വിവിധ സേവനങ്ങൾക്കായുള്ള എഐ ആപ്ലിക്കേഷനുകളെ ഒരൊറ്റ ഏകോപിത സംവിധാനത്തിന് കീഴിൽ കൊണ്ടുവരും. വിവിധ വകുപ്പുകളിലെ ചികിത്സാ രേഖകൾ, റേഡിയോളജിലാബ് പരിശോധനാ ഫലങ്ങൾ, ഐസിയു വിവരങ്ങൾ, ഡിസ്ചാർജ് രേഖകൾ, മെഡിക്കൽ റെക്കോർഡുകൾ, ബാക്ക്ഓഫീസ് ഭരണനിർവഹണം തുടങ്ങിയവയ്ക്കെല്ലാം ഏകോപിത എഐ സംവിധാനം ഉപയോഗിക്കും. ഇതിലൂടെ എളുപ്പത്തിലുള്ള ഡോക്യുമെന്റേഷൻ, ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കുറഞ്ഞ കാത്തിരിപ്പ് സമയം, മികച്ചതും ഏകോപിതവുമായ ചികിത്സ എന്നിവ ഉറപ്പാക്കാൻ സാധിക്കും.

യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഡീപ്ഇൻഫിനിറ്റി.എഐ'യുമായി (ഉലലുകിളശിശ്യ.അക) സഹകരിച്ചാണ് പുതിയ സംവിധാനം സജ്ജമാക്കുന്നത്. ആരോഗ്യ സേവന, രോഗനിർണയ മേഖലകളിൽ ഇന്ത്യയും യുകെയും തമ്മിലുള്ള സഹകരണം ശക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടന്ന യുകെഇന്ത്യ ഡയഗ്നോസ്റ്റിക് കോഹോർട്ട് മിഷൻ 2026 പരിപാടിയിലാണ് സഹകരണം പ്രഖ്യാപിച്ചത്. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഇരു കമ്പനികളും ഒപ്പുവെച്ചു. ബ്രിട്ടീഷ് ഹൈക്കമ്മീഷൻ ഇന്ത്യ സൗത്ത് ഏഷ്യ ട്രേഡ് കൗൺസിലർ മാർക്ക് ബിസ്സല്ലിന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്.

ഇരുരാജ്യങ്ങളുടെയും സാങ്കേതിക മുന്നേറ്റത്തിനും വികസനത്തിനും വഴിയൊരുക്കുന്നതാണ് സഹകരണമെന്ന് ഹർജിന്ദർ കാങ് പറഞ്ഞു. നിലവിലുള്ള സംവിധാനങ്ങളുമായി പൊരുത്തപ്പെടുന്നതും ആശുപത്രി സേവനങ്ങൾ കൂടുതൽ മികച്ചതാക്കാൻ സഹായിക്കുന്നതുമാണ് ഏകോപിത എഐ സംവിധാനമെന്ന് ബിഎംഎച്ച് ഗ്രൂപ്പ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അനൂപ് വാര്യർ പറഞ്ഞു. ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ എഐ പങ്കാളിയായി തിരഞ്ഞെടുക്കപ്പെട്ടത് വലിയ അംഗീകാരമാണെന്ന് ഡീപ്ഇൻഫിനിറ്റി.എഐ സഹസ്ഥാപകനും സിഇഒയുമായ രാമകൃഷ്ണ ബോയ പറഞ്ഞു. രാജ്യത്തുടനീളമുള്ള ആശുപത്രികൾക്ക് ഒരു മികച്ച മാതൃകയായി ഇത് മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്രോംപ്ടൺ 5.9 ലിറ്റർ ഇൻസ്റ്റന്റ് വാട്ടർ ഹീറ്റർ ശ്രേണി അവതരിപ്പിച്ചു

കൊച്ചി: ദൈനംദിന ഗാർഹിക ആവശ്യങ്ങൾക്കായി 5.9 ലിറ്റർ ശേഷിയുള്ള പുതിയ ഇൻസ്റ്റന്റ് വാട്ടർ ഹീറ്റർ ശ്രേണി അവതരിപ്പിച്ച് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ്. ഏകദേശം 40 ശതമാനം വേഗത്തിൽ വെള്ളം ചൂടാക്കാൻ സഹായിക്കുന്ന 3 കെ.ഡബ്ല്യു ഹീറ്റിങ് എലമെന്റാണ് ഇതിന്റെ പ്രധാന സവിശേഷത. കഠിനജലത്തിലെ ധാതുനിക്ഷേപം കുറയ്ക്കാൻ സഹായിക്കുന്ന ആന്റി സ്കെയിൽ സാങ്കേതികവിദ്യയും പുതിയ ശ്രേണിയിലുണ്ട്.

ഓട്ടോ തെർമോസ്റ്റാറ്റ്, തെർമൽ കട്ട് ഔട്ട്, പ്രഷർ സേഫ്റ്റി വാൽവ്, അഗ്നിസുരക്ഷാ സംവിധാനം എന്നിവ ഉൾപ്പെടുന്ന നാല് തലത്തിലുള്ള സുരക്ഷയും 6.5 ബാർ പ്രഷർ റേറ്റിങ്ങും ഇതിന്റെ പ്രത്യേകതകളാണ്. മുൻ ശ്രേണിയേക്കാൾ 18 ശതമാനം അധിക ശേഷിയും ഭക്ഷ്യയോഗ്യമായ നിലവാരത്തിലുള്ള സ്റ്റെയിൻലെസ് സ്റ്റീൽ ടാങ്കും ഉൽപ്പന്നത്തിന്റെ സവിശേഷതകളാണ്. ഒതുക്കമുള്ള വാൾ മൗണ്ട് ഡിസൈനിനൊപ്പം എൽ.ഇ.ഡി. ഇൻഡിക്കേറ്ററുകളും ഇതിലുണ്ട്. ടാങ്കിന് അഞ്ച് വർഷവും ഹീറ്റിങ് എലമെന്റിനും ഉൽപ്പന്നത്തിനും രണ്ട് വർഷം വീതവുമാണ് വാറന്റി.

'സുരക്ഷയിലും പ്രവർത്തനക്ഷമതയിലും വിട്ടുവീഴ്ച ചെയ്യാതെ കൂടുതൽ സൗകര്യപ്രദമായ വാട്ടർ ഹീറ്റിങ് പരിഹാരങ്ങളാണ് ഉപഭോക്താക്കൾ ഇന്ന് തേടുന്നത്. കഠിനജലവും ഉയർന്ന ജലസമ്മർദവും പോലുള്ള വെല്ലുവിളികൾ നേരിടുന്നതിനൊപ്പം വേഗത്തിലുള്ള ചൂടാക്കലും കൂടുതൽ ശേഷിയും ഉറപ്പാക്കുകയാണ് പുതിയ ശ്രേണിയിലൂടെ ലക്ഷ്യമിടുന്നത്.' എന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ഹോം ഇലക്ട്രിക്കൽസ് ബിസിനസ് ഹെഡ് സച്ചിൻ ഫാർട്ടിയാൽ പറഞ്ഞു.

മുത്തൂറ്റ് സ്നേഹസഞ്ചാരിണി പദ്ധതി: ഇലക്ട്രിക് വീൽചെയറുകൾ വിതരണം ചെയ്യാൻ മുത്തൂറ്റ് ഫിനാൻസ്: അപേക്ഷകൾ ക്ഷണിച്ചു

കൊച്ചി: മുത്തൂറ്റ് ഫിനാൻസിന്റെ സാമൂഹ്യ പ്രതിബദ്ധത പദ്ധതിയായ 'മുത്തൂറ്റ് സ്നേഹസഞ്ചാരിണി' പദ്ധതിക്ക് കീഴിൽ ഭിന്നശേഷിയുള്ള അർഹരായ വ്യക്തികൾക്ക് 50 ഓട്ടോമേറ്റഡ് ഇലക്ട്രിക് വീൽചെയറുകൾ വിതരണം ചെയ്യുന്നതിനായി അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ കേരളത്തിലെ എറണാകുളം, കോട്ടയം, ആലപ്പുഴ, തൃശൂർ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിൽ നിന്നുള്ള ഗുണഭോക്താക്കൾക്കാണ് അവസരം.

ഭിന്നശേഷിയുള്ള വ്യക്തികളുടെ സഞ്ചാര സ്വാതന്ത്ര്യം മെച്ചപ്പെടുത്തുന്നതിനും അവർക്ക് കൂടുതൽ സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിനുമായി 2019 ലാണ് മുത്തൂറ്റ് സ്നേഹസഞ്ചാരിണി പദ്ധതി ആരംഭിച്ചത്. കൃത്രിമക്കാലുകൾ, പൂർണ്ണ ഓട്ടോമേറ്റഡ് ഇലക്ട്രിക് വീൽചെയറുകൾ, മസ്കുലാർ ഡിസ്ട്രോഫി ബാധിച്ചവർ ഉൾപ്പെടെയുള്ള കുട്ടികൾക്കും മുതിർന്നവർക്കുമായി പ്രത്യേക സെറിബ്രൽ പാൾസി വീൽചെയറുകൾ തുടങ്ങിയവ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താവിന്റെ അപേക്ഷയും മറ്റ് സ്രോതസ്സുകളിൽ നിന്നും സമാനമായ സഹായങ്ങൾ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസ്താവനയും, ബി.പി.എൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സാമ്പത്തിക നില തെളിയിക്കുന്ന മറ്റ് സാധുവായ രേഖകൾ, പഞ്ചായത്ത് പ്രസിഡന്റിൽ കുറയാത്ത പദവിയിലുള്ള ജനപ്രതിനിധിയുടെ ശുപാർശ കത്ത്, പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ സമീപകാല ഫോട്ടോ, മേൽവിലാസം തെളിയിക്കുന്ന രേഖ, എന്നിവ ആവശ്യമായ രേഖകളിൽ ഉൾപ്പെടുന്നു.

അപേക്ഷകരുടെ ശാരീരിക അവസ്ഥയും സഞ്ചാര ആവശ്യകതകളും വിലയിരുത്തി അവർക്ക് ഏറ്റവും അനുയോജ്യമായ സഹായം നിശ്ചയിക്കുന്നതിനായി കൊച്ചിയിൽ വെച്ച് പ്രത്യേക മെഡിക്കൽ പരിശോധന നടത്തും. അപേക്ഷയും ആവശ്യമായ രേഖകളും നവംബർ 20ന് മുൻപായി താഴെ പറയുന്ന വിലാസത്തിൽ ലഭിക്കണം: Muthoot Finance Head Office - CSR Department,National Highway Bypass, NH 66, Service Road,Palarivattom Kochi, Kerala 682028

സ്കിപ്പറിന്റെ രണ്ടാം പാദ അറ്റാദായത്തിൽ 56 ശതമാനം വർധന

ന്യൂദൽഹി: വൈദ്യുതി പ്രസരണവിതരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കിപ്പർ ലിമിറ്റഡിന്റെ 202627 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിലെ അറ്റാദായം 56 ശതമാനം വർധിച്ച് 57.5 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 36.9 കോടി രൂപയായിരുന്നു അറ്റാദായം. കമ്പനിയുടെ വരുമാനം 10 ശതമാനം വർധിച്ച് 1,384 കോടി രൂപയിലെത്തി. ഇബിഐടിഡിഎ11 ശതമാനം വർധിച്ച് 144.8 കോടി രൂപയായി.

സെപ്റ്റംബർ 2026 വരെയുള്ള കണക്കനുസരിച്ച് കമ്പനിയുടെ ഓർഡർ ബുക്ക് 10,065.7 കോടി രൂപയെന്ന റെക്കോഡ് നേട്ടത്തിലെത്തി. ആദ്യ പകുതിയിലെ വരുമാനം ഏഴ് ശതമാനം വർധിച്ച് 2,693.8 കോടി രൂപയായി. ഇക്കാലയളവിലെ അറ്റാദായം 40 ശതമാനം ഉയർന്ന് 113.9 കോടി രൂപയായി. വടക്കേ അമേരിക്കൻ വിപണിയിലെ ഏറ്റവും വലിയ കരാറും കമ്പനിക്ക് ലഭിച്ചു. നിലവിലുള്ള 3.75 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനശേഷി 4.5 ലക്ഷം ടണ്ണായി ഉയർത്താനുള്ള വികസന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com